# കേരളസർവകലാശാല

നം.പി.ആർ.114 (a)/2022 തിരുവനന്തപുരം, തീയതി: 08/06/2023

## പത്രക്കുറിപ്പ്

## പാഴാകരുതേ; കരിയിലകൾ

നമ്മുടെ പറമ്പിലും വഴിയരികിലും നാം ശ്രദ്ധിക്കാതെ പോകുന്ന കരിയിലകൾ വെറും നിസ്സാരക്കാരല്ല. കരിയിലകളെ ഒഴിവാക്കാനായി അധികംപേരും കത്തിച്ചു കളയാറാണ് പതിവ്. ഇതുമൂലം അന്തരീക്ഷ മലിനീകരണം മാത്രമല്ല ആഗോളതാപനം ($Co_2$, $N_2o$ etc) ഉയർത്തുകയാണ് നാം ചെയ്യുന്നത്. നാം ഒന്ന് ശ്രദ്ധിച്ചാൽ ഈ വിപത്ത് ഒഴിവാക്കാൻ സാധിക്കും. കരിയിലകൾ ജൈവവളം ഉണ്ടാക്കാൻ ഉപയോഗിക്കാവുന്ന ഒരു അസംസ്കൃതവസ്തുവാണ്.

ജൈവവളം നിർമ്മാണ പ്രക്രിയയിൽ ഒന്ന് രണ്ട് കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. കരിയിലകൾ തിരഞ്ഞെടുക്കുമ്പോൾ ഫലവൃക്ഷങ്ങളുടെ ഇലകൾ ഉൾപ്പെടുത്താൻ ശ്രദ്ധിക്കണം. (ജൈവവിഘടനം മറ്റുകരിയിലയെക്കാൾ വേഗത്തിൽ നടക്കുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത)

റബ്ബർ ഉത്പന്നങ്ങളുടെ നിർമ്മാണ പ്രക്രിയയുടെ ഫലമായി അവശേഷിക്കുന്ന sludge -ഉൻമൂലനം ചെയ്യാൻ landfilling ആണ് നിലവിൽ കണ്ടുവരുന്നത്. തൻമൂലം ഭൂഗർഭജലം, മണ്ണിന്റെ ഘടന, ഗുണമേൻമ എന്നിവയെ മാറ്റിമറിയ്ക്കുന്നു. എന്നാൽ ഇത്തരത്തിൽ ഒഴിവാക്കുന്ന sludge നെ കരിയിലജൈവവളത്തിൽ ഉൾപ്പെടുത്തുന്നത് വഴി ഗുണമേൻമയേറിയ ജൈവവളവും അതോടൊപ്പം landfilling ന് ഒരു പരിഹാരമാർഗ്ഗവുമാണ്. (sludge ഉൾപ്പെടുത്തുന്നത് ജൈവപ്രക്രിയയ്ക്കോ, ജൈവവളത്തിന്റെ ഗുണമേൻമയ്ക്കോ യാതൊരു വിധത്തിലുള്ള കുറവും സംഭവിക്കുന്നില്ല എന്ന് പരീക്ഷണാർത്ഥം കേരളസർവ്വകലാശാലയുടെ പരിസ്ഥിതി വിഭാഗം ലാബിൽ തെളിയിച്ചതാണ്). sludge കൂടാതെ, ജൈവവളത്തിന്റെ ഫലഭൂയിഷ്ടത കൂട്ടുന്നതിനായി ചാണകത്തിന്റെ slurry, ജൈവപ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി ഇനോക്കുലം (സൂക്ഷ്മാണുക്കൾ), ഹെയർ ഓയിൽ നിർമ്മാണ ശേഷം അവശേഷിക്കുന്ന ഹെർബൽവേസ്റ്റ് (ചണ്ടി) എന്നിവ ഘടകങ്ങളായി ചേർക്കാം.

**കേരളസർവ്വകലാശാലയുടെ സംരംഭമായി തുടങ്ങിയ ഈ പദ്ധതി നിലവിൽ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക കൗൺസിലിന്റെ (KSCSTE) ധനസഹായത്തോടു കൂടി വിപുലമായി ആരംഭിക്കാൻ പോവുകയാണ്. ഇത്തരത്തിൽ ഉത്പാദിപ്പിക്കുന്ന ജൈവവളം കേരളസർവ്വകലാശാലയുടെ കാര്യവട്ടം കാമ്പസിന്റെ ഔട്ട്ലെറ്റ് വഴി സാധാരണക്കാരിലേക്ക് എത്തിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.**

**അന്വേഷണങ്ങൾക്ക്, ബന്ധപ്പെടുക:**

**ഡോ.ശാലോം ജ്ഞാന തങ്ക വി.**
പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് എൻവയോൺമെന്റൽ സയൻസസ്
കാര്യവട്ടം ക്യാമ്പസ്, കേരളസർവകലാശാല
ഇമെയിൽ: salom@keralauniversity.ac.in
മൊബൈൽ: **9447220009**

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)